Page 1 of 1

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ പെൻഷൻകാരുടെ പരമാവധി പ്രതിമാസ പെൻഷൻ തുകയായിരുന്ന 10,000 രൂപ 11,500 രൂപയായും സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകളിലെ പെൻഷൻകാരുടെ പരമാവധി പ്രതിമാസ പെൻഷൻ തുകയായിരുന്ന 15,000 രൂപ 17,500 രൂപയായും വർദ്ധിപ്പിച്ച് 14-6-2013-ലെ സ.ഉ.(സാധാ) 382/2013/സഹ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പെൻഷൻ തുകകളുടെ പരിധി വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള പെൻഷൻ പദ്ധതി പരിഷ്ക്കരണ പ്രൊപ്പോസൽ പരിശോധനയിലാണ്.

(സി) നിലവിലുള്ള പെൻഷനോടൊപ്പം ക്ഷാമബത്ത അനുവദിക്കുവാൻ പെൻഷൻ ബോർഡിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല. സഹകരണ പെൻഷൻ ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ സംഘം ജീവനക്കാരോ പെൻഷണറോ മരിച്ചാൽ ഫാമിലി പെൻഷൻ നിലവിൽ നൽകിവരുന്നുണ്ട്.

## തൃക്കരിപ്പൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ ഐ.ടി.കോഴ്സ് നിലനിർത്താൻ നടപടി

112 (6563) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ സഹകരണ എൻജിനീയറിംഗ് കോളേജിൽ ഇപ്പോൾ നിലവിലുള്ള ഐ.ടി. & ബി.ടെക്. കോഴ്സ് നിർത്തലാക്കാൻ യൂണിവേഴ്സിറ്റി തലത്തിൽ (കുസാറ്റ്) തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കോഴ്സ് നിലനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃക്കരിപ്പൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ ഇപ്പോൾ നിലവിലുള്ള ബി.ടെക് കോഴ്സിലെ ഐ.ടി.ബ്രാഞ്ച് ഒന്നാം വർഷത്തെ കോഴ്സ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഐ.ടി. ബ്രാഞ്ചിൽ 3 സ്ഥിരാദ്ധ്യാപകരാണുള്ളത്. അദ്ധ്യാപകരുടെ എണ്ണം കൂട്ടുന്നതിനുവേണ്ടി ഒരു സ്ഥിരാദ്ധ്യാപകനേയും 3 അഡ്ഹോക്ക് അദ്ധ്യാപകരെയും നിയമിക്കുകയും പ്രസ്തുത വിവരം ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി

113 (6564) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ മേഖലയിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly